പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 56

# 2011-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 56

# 2011-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

1189/2011.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 56

# 2011-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 143എ വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 143എ വകുപ്പ് (1)-ാം ഉപവകുപ്പിൽ "മൂന്ന് മാസത്തിനകം" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ച് മാസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 143എ വകുപ്പ് (1)-ാം ഉപവകുപ്പിൽ ഒരു കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതിമുതൽ മൂന്ന് മാസത്തിനകം നിശ്ചിത ഫാറത്തിൽ അയാളുടേയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റ്മെന്റ് സർക്കാർ ഇതിലേക്കായി വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഈ സമയപരിധി വളരെ കുറവായതിനാൽ സംസ്ഥാനത്തെ പല കൗൺസിലർമാർക്കും ഈ സമയപരിധിക്കകം അവരുടെ സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ

KNPP. 1189/2011.

സാധിച്ചിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനിതാസംവരണം അമ്പത് ശതമാനമായി വർദ്ധിപ്പിച്ചതിനുശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പായതിനാലും വനിതാ കൗൺസിലർമാർ ഉൾപ്പെടെയുള്ള കൗൺസിലർമാർ തങ്ങളുടെ വാർഡിലെ വികസന പ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്നതിനാലും പ്രസ്തുത ചുരുങ്ങിയ കാലാവധിക്കുള്ളിൽ സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാൻ കഴിയാതിരുന്ന ജനപ്രതിനിധികൾ അയോഗ്യരാകുന്നത് ഒഴിവാക്കാനായി പ്രസ്തുത വകുപ്പിലെ മൂന്നുമാസത്തിനകം എന്ന സമയപരിധി പതിനഞ്ച് മാസംവരെ നീട്ടിക്കൊണ്ട് പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. കുഞ്ഞാലിക്കുട്ടി.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1994-ലെ 20)

** ** **

143എ. കൗൺസിലർമാർ സ്വത്തുവിവരം സംബന്ധിച്ച് പ്രസ്താവം നൽകണമെന്ന്.—(1) ഒരു കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതിമുതൽ മൂന്നു മാസത്തിനകം നിശ്ചിത ഫാറത്തിൽ അയാളുടേയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റ്മെന്റ് സർക്കാർ ഇതിലേക്കായി വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന സമയം കൗൺസിലറായിരിക്കുന്ന ഒരാൾ സർക്കാർ ഇതിലേക്കായി നിശ്ചയിക്കുന്ന തീയതിക്കുമുമ്പ് അപ്രകാരമുള്ള ഒരു സ്റ്റേറ്റ്മെന്റ് കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു സ്റ്റേറ്റ്മെന്റ് സമർപ്പിച്ച ഒരു കൗൺസിലർ അതിനുശേഷം അയാളുടെയോ അയാളുടെ കുടുംബത്തിലെ മറ്റ് അംഗങ്ങളുടെയോ പേരിൽ കൂടുതലായി ഏതെങ്കിലും സ്വത്ത് ആർജ്ജിക്കുകയോ സ്റ്റേറ്റ്മെന്റിൽ പറയുന്ന ഏതെങ്കിലും സ്വത്ത് കയ്യൊഴിയുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്താൽ, അതതു സംഗതിപോലെ, അപ്രകാരം ആർജ്ജിക്കുകയോ കയ്യൊഴിയുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്യുന്ന തീയതിമുതൽ മൂന്നുമാസത്തിനകം അതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

** ** **